2023
JULY
13
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ജിഎസ്ടി ശൃംഖലയിലെ വിവരങ്ങൾ ഇഡിയുമായി പങ്കുവയ്ക്കില്ല: കേന്ദ്രം

**ന്യൂഡൽഹി:** ജിഎസ്ടി ശൃംഖലയിലെ വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമായി (ഇഡി) പങ്കുവയ്ക്കില്ലെന്ന് കേന്ദ്രം. ജിഎസ്ടി ശൃംഖലയെ കള്ളപ്പണ വെളുപ്പിക്കൽ നിരോധന നിയമത്തിന്റെ (പിഎംഎൽഎ) പരിധിയിൽകൊണ്ടുവന്ന വിജ്ഞാപനത്തിനെതിരെ കേരളം, ഡൽഹി, പഞ്ചാബ്, ബംഗാൾ, തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളുടെ വിമർശനമുയർത്തിയിരുന്നു. ഇതിനോടായിരുന്നു കേന്ദ്ര റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്രയുടെ പ്രതികരണം. വിവരങ്ങൾ ദുരുപയോഗിക്കില്ലെന്ന് ധനമന്ത്രി നിർമല സീതാരാമൻ ഉറപ്പുനൽകി.

ഇഡിക്ക് വ്യാപാരികളുടെ വിവരം നൽകുകയോ ഇഡി വിവരങ്ങൾ ഇതിലേക്ക് ചേർക്കുകയോ ചെയ്യുന്നില്ല. പകരം നികുതി വെട്ടിപ്പടക്കമുള്ള കാര്യങ്ങളിൽ നികുതി അധികാരികൾക്ക് ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റിൽ നിന്ന് (എഫ്!ഐയു) കൂടുതൽ വിവരം ലഭിക്കുന്നതിനാണ് വിജ്ഞാപനമെന്നും അദ്ദേഹം പറഞ്ഞു. ജിഎസ്ടി ശൃംഖലയിലുള്ള വിവരങ്ങൾ കള്ളപ്പണ വെളുപ്പിക്കൽ നിരോധന നിയമപ്രകാരമുള്ള കാര്യങ്ങൾക്ക് പങ്കുവയ്ക്കാമെന്ന വ്യവസ്ഥ ദുരുപയോഗം ചെയ്യുമെന്നായിരുന്നു സംസ്ഥാനങ്ങളുടെ ആശങ്ക.

## ശാശ്വത പരിഹാരം വേണം: സംസ്ഥാനത്തെ തെരുവു നായ പ്രശ്നത്തിൽ സുപ്രീം കോടതി



**ന്യൂഡൽഹി:** സംസ്ഥാനത്തെ അലട്ടുന്ന തെരുവ് നായ വിഷയത്തിൽ ശാശ്വതമായി പരിഹാരം വേണമെന്ന് വാക്കാൽ പരാമർശിച്ച് സുപ്രീം കോടതി. സംസ്ഥാന ബാലാവകാശ കമ്മിഷനും കണ്ണൂർ ജില്ലാ പഞ്ചായത്തു സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് കോടതിയുടെ പരാമർശം. ഹർജികൾ ഓഗസ്റ്റ് 16ന് പരിഗണിക്കാനായി മാറ്റി.

സംസ്ഥാനത്ത് തെരുവ് നായയുടെ അക്രമം, പ്രത്യേകിച്ച് കുട്ടികൾക്കു നേരെയുള്ളത് കൂടിവരികയാണെന്നും അതിന് എത്രയും പെട്ടെന്ന് പരിഹാരം കാണാൻ നിർദേശിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു. വളരെയധികം അക്രമകാരികളായ തെരുവുനായ്ക്കളെ ദയാവധം ചെയ്യാൻ അനുവദിക്കണമെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടു. തെരുവു നായ്ക്കളുടെ ആക്രമണത്തിൽ പതിനൊന്നുകാരൻ ഉൾപ്പെടെ മരിച്ചിട്ടുണ്ടെന്നും കോഴിക്കോട് തെരുവു നായ്ക്കളെ ഭയന്ന് ആറ് സ്കൂളുകൾ അടച്ചിട്ടിരിക്കുകയാണെന്നും ബാലാവകാശ കമ്മിഷൻ കോടതിയിൽ അറിയിച്ചു.

# വിലക്കയറ്റം: പണപ്പെരുപ്പം ഉയർന്നേക്കും



**കൊച്ചി :** നിത്യോപയോഗ സാധനങ്ങളുടെ അനിയന്ത്രിത വിലക്കയറ്റം പണപ്പെരുപ്പ നിരക്കു താഴേക്കു കൊണ്ടുവരാനുള്ള ശ്രമങ്ങൾക്കു തിരിച്ചടിയാകുന്നു. മേയിൽ 4.25% മാത്രമായിരുന്ന നിരക്കു ജൂണിൽ 4.58 4.60 നിലവാരത്തിലേക്ക് ഉയർന്നിരിക്കാനാണു സാധ്യതയെന്നു സാമ്പത്തിക നിരീക്ഷകർ കണക്കാക്കുന്നു. 4.80 നിലവാരം പോലും സാധ്യതയാണെന്നു കണക്കാക്കുന്നവരുണ്ട്. ജൂണിലെ നിരക്ക് ഇന്നു വൈകിട്ടാണു പ്രഖ്യാപിക്കുക.

വായ്പ നിരക്കുകളിൽ ഇളവു പ്രഖ്യാപിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയെ (ആർബിഐ) നിർബന്ധിതമാക്കുന്ന നിലവാരത്തിലേക്കു പണപ്പെരുപ്പത്തിന്റെ തോത് ജനുവരി മേയ് കാലയളവിൽ കുറഞ്ഞുവരികയായിരുന്നു. അതിനിടെയാണു വിലകത്തിക്കയറിയിരിക്കുന്നത്. അടുത്ത മാസം 10ന് ആർബിഐ പ്രഖ്യാപിക്കുന്ന പണനയത്തിൽ ഇളവിനു സാധ്യതയില്ലെന്ന് ഇതോടെ ഉറപ്പായി. പലവ്യഞ്ജനങ്ങളുടെയും പച്ചക്കറികളുടെയും കൂടിയ വില നിലവാരം ഏതാനും മാസങ്ങൾ കൂടി നിലനിൽക്കാമെന്നാണു വിവിധ വിപണികളിൽനിന്നുള്ള സൂചന.

പണപ്പെരുപ്പത്തിന്റെ ഉയർന്ന സഹനപരിധിയായി ആർബിഐ നിശ്ചയിച്ചിട്ടുള്ള 4 ശതമാനത്തിലേക്കു നിരക്കു താഴാൻ വൈകുകയായിരിക്കും ഫലം. ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്കു നിർണയിക്കുന്നതിന് ആശ്രയിക്കുന്ന ഉൽപന്നങ്ങളിൽ പകുതിയോളവും ഭക്ഷ്യോൽപന്നങ്ങളാണ്. വിലക്കയറ്റത്തിന്റെ യഥാർഥ സ്ഥിതി പ്രതിഫലിപ്പിക്കുന്നതല്ല പണപ്പെരുപ്പക്കണക്കുകളെന്ന് ആക്ഷേപമുണ്ട്.

റെക്കോർഡ് നിലവാരത്തിലേക്കു മുന്നേറിയിട്ടുള്ള ഓഹരി വിപണിക്ക് ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പത്തിന്റെ ഇന്നു പുറത്തുവരുന്ന കണക്കുകൾ നിർണായകമാണ്. യുഎസിലെ പണപ്പെരുപ്പ നിരക്കുകളും ഇന്നാണു പുറത്തുവരുന്നത്. ഇത് ആഗോളതലത്തിൽ വിപണികളെ സ്വാധീനിക്കും. ഇന്ത്യയിലെ വ്യവസായോൽപാദന സൂചിക ഏതു നിലവാരത്തിലെന്നും ഇന്നറിയാം. മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്ക് 14നു പ്രഖ്യാപിക്കും.

## മണിപ്പുരിൽ കമാൻഡോകളുടെ വേഷത്തിൽ കലാപകാരികൾ; മുന്നറിയിപ്പുമായി പൊലീസ്

**ഇംഫാൽ:** മണിപ്പൂർ പൊലീസ് കമാൻഡോകളുടെ കറുത്ത യൂണിഫോം ധരിച്ച് കലാപകാരികൾ എത്താൻ സാധ്യതയുണ്ടെന്നു പൊലീസ് മുന്നറിയിപ്പ്. കമാൻഡോ യൂണിഫോം ദുരുപയോഗം ചെയ്യരുതെന്നും പൊലീസ് ആവശ്യപ്പെട്ടു.

മണിപ്പൂർ പൊലീസ് കമാൻഡോകളുടെ കറുത്ത യൂണിഫോം അണിഞ്ഞ് ഒരു സംഘം അക്രമകാരികൾ നീങ്ങുന്നതിന്റെ വിഡിയോ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തു വന്നിരുന്നു. കലാപത്തിനിടെ പൊലീസ് കേന്ദ്രങ്ങളിൽനിന്ന് മോഷ്ടിച്ച വസ്ത്രങ്ങളാണിതെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതേത്തുടർന്നാണ് പൊലീസ് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്.

സൈനിക വാഹനങ്ങൾ അടക്കം പരിശോധിക്കുന്നതിൽ തെറ്റില്ലെന്നും ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ കാർഡുകൾ പരിശോധിക്കണമെന്നും പൊലീസ് മേധാവി നിർദേശം നൽകി. 45,000 പേരടങ്ങുന്ന മണിപ്പൂർ പൊലീസ് സേന, കലാപം ആരംഭിച്ചശേഷം രണ്ടായി വിഘടിച്ചിരുന്നു.

## ഇന്ത്യ ബംഗ്ലദേശ് വ്യാപാരം: ഇടപാടുകൾ ഇനി രൂപയിൽ



**ന്യൂഡൽഹി:** ഇന്ത്യയും ബംഗ്ലദേശും തമ്മിലുള്ള വ്യാപാര ഇടപാടുകൾ ഇനി ഇന്ത്യൻ രൂപയിലും നടത്താം. ഇരുരാജ്യങ്ങളും തമ്മിൽ ഇതിനായുള്ള ധാരണയിലേർപ്പെട്ടു. 2022 ജൂലൈയിലാണ് രാജ്യാന്തര വ്യാപാരം ഇന്ത്യൻ രൂപയിൽ നടത്താനായി റിസർവ് ബാങ്ക് അനുമതി നൽകിയത്.ഡോളർ ആശ്രയത്വം കുറയ്ക്കുകയും രൂപയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനാണ് നടപടി.



# വിഴിഞ്ഞം, അഴീക്കൽ ആഡംബര കപ്പൽ വന്നേക്കും

**വിഴിഞ്ഞം:** രാജ്യാന്തര കപ്പൽ തുറമുഖ സുരക്ഷ കോഡ്(ഐഎസ്പിഎസ്) ലഭിച്ചതിനെ തുടർന്ന് വിഴിഞ്ഞവും കണ്ണൂരിലെ അഴീക്കലും ബന്ധപ്പെടുത്തി ആഡംബര ക്രൂസ് കപ്പൽ സർവീസ് വന്നേക്കും. ഇതു സംബന്ധിച്ച പദ്ധതി രേഖയുമായി മുംബൈ കേന്ദ്രമായുള്ള സ്വകാര്യ ഏജൻസി കേരള മാരിടൈം ബോർഡിനെ സമീപിച്ചു. കഴിഞ്ഞ ആഴ്ച ചേർന്ന ബോർഡു യോഗം ചർച്ച നടത്തി സർക്കാർ അനുമതിക്കായി പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാൽ സർവീസ് നടത്താൻ സാഹചര്യമൊരുക്കുമെന്ന് ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള പറഞ്ഞു.

വിഴിഞ്ഞത്തു നിന്നു തുടങ്ങി കൊല്ലം, കൊച്ചി, ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ അഴീക്കലെത്തുന്ന വിധത്തിലാണ് രൂപരേഖ. നിലവിൽ ഗോവയിലേക്കും മറ്റും ക്രൂസ് സർവീസ് നടത്തുന്ന കമ്പനിയാണ് കേരള തീരത്തേക്കും ശ്രദ്ധയൂന്നുന്നത്. 250 പേർക്ക് സഞ്ചരിക്കാനാവുന്ന ആഡംബര സൗകര്യങ്ങളുള്ള കപ്പലാണ് ഇതിനായി എത്തുക. കേരളത്തിലെ വിവിധ തുറമുഖങ്ങളുടെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക,

തീരദേശങ്ങളിലെ അനുബന്ധ ടൂറിസം തൊഴിൽ സാധ്യതകൾ വർധിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതു സാധ്യമായാൽ ഉണ്ടാകുമെന്ന് ബോർഡ് കരുതുന്നു. നേരിട്ട് സർക്കാരിനും ബോർഡിനും മുടക്കുമുതൽ ഇല്ലെന്നതാണ് നേട്ടമെന്നു ബന്ധപ്പെട്ടവർ പറഞ്ഞു. കപ്പലുകൾ അടുക്കുന്നതിനു ഹാർബർ ബെയ്സിനുള്ളിൽ ആഴം കൂട്ടുന്നതിനു അഴീക്കലിലുള്ള ചന്ദ്രഗിരി എന്ന ഡ്രജർ ഇവിടെ എത്തിക്കും. അറ്റകുറ്റപ്പണികൾക്കു ശേഷം ആദ്യം അഴീക്കലും തുടർന്ന് വിഴിഞ്ഞത്തും ചന്ദ്രഗിരി ഡ്രജർ ഡ്രജിങ്ങിനായി എത്തും.

# വലിയതോപ്പ് കൊച്ചുതോപ്പ് കടൽഭിത്തി നിർമ്മാണത്തിന് 40 ലക്ഷം: മന്ത്രി ആന്റണി രാജു

**തിരുവനന്തപുരം:** നിയോജകമണ്ഡലത്തിലെ വലിയ തോപ്പ് കൊച്ചു തോപ്പ് കടൽ ഭിത്തി നിർമാണത്തിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി മന്ത്രി ആന്റണി രാജു പറഞ്ഞു. സ്ഥിരമായി കടലാക്രമണം നേരിടുന്ന പ്രദേശത്തെ തീര നിവാസികളുടെ ദുരവസ്ഥയെക്കുറിച്ച് ജലസേചന മന്ത്രി റോഷി അഗസ്റ്റിനുമായി നടത്തിയ ചർച്ചയെ തുടർന്നാണ് തുക അനുവദിച്ചത്. നിരന്തരം കടൽക്ഷോഭം നേരിടുന്ന തിരുവനന്തപുരം നഗരത്തിലെ തീരപ്രദേശമായ വലിയ തോപ്പ് കൊച്ചു തോപ്പ് ഭാഗത്തെ ലേന റോഡ് മുതൽ ജ്യൂസ റോഡ് വരെ 195 മീറ്റർ തീരം അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനാണ് 40 ലക്ഷം രൂപ അനുവദിച്ചത്. ഈ പ്രദേശം സംരക്ഷിക്കുന്നതോടെ 125ഓളം വീടുകൾക്ക് കടലാക്രമണ ഭീഷണിയിൽ നിന്ന് സംരക്ഷണം ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുവാൻ മന്ത്രി ആന്റണി രാജു നിർദ്ദേശം നൽകി.

# വർക്ക് നിയർ ഹോം: തദ്ദേശ സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വർക്ക് നിയർ ഹോം പദ്ധതിയിൽ പങ്കാളികളാകാൻ താത്പര്യമുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കെഡിസ്ക് അപേക്ഷ ക്ഷണിച്ചു. ജൂലായ് 20നകം അപേക്ഷിക്കണം.

മാറി വരുന്ന തൊഴിൽ സാധ്യതകളും രീതികളും കണക്കിലെടുത്ത് വീടിനടുത്തു തന്നെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വൈജ്ഞാനിക തൊഴിലിടങ്ങളായ വർക്ക് നിയർ ഹോം പദ്ധതി കേരള സർക്കാർ, കേരള നോളജ് ഇക്കോണമി മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്. ഒരു പ്രദേശത്തുള്ളവർക്ക് അവിടത്തെ പ്രാദേശിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വിവിധ ജോലികൾക്കായി ഒത്തുകൂടാനുള്ള വർക്ക് സ്പെയ്സ് ശൃംഖലയാണ് വർക്ക് നിയർ ഹോം.

വൈജ്ഞാനിക തൊഴിൽ ചെയ്യുന്നവർക്കും ഫ്രീലാൻസ് ജോലി ചെയ്യുന്നവർക്കും ആവശ്യമായ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ, തടസ്സമില്ലാത്ത വൈദ്യുതി, കോൺഫറൻസ് റൂം, വ്യക്തിഗത ജോലി സ്ഥലം തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ തൊഴിലിടങ്ങളായിരിക്കും ഇവ. ഈ പദ്ധതി കേരളത്തിലുടനീളം തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

# ആയുർവേദ നഴ്സ് ഒഴിവ്

**തിരുവനന്തപുരം:** പൂജപ്പുര പഞ്ചകർമ്മ ആയുർവേദ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിലേക്ക് ആയുർവേദ നഴ്സ് തസ്തികയിൽ ഒഴിവുണ്ട്. നിയമനം നടത്തുന്നതിലേക്കായി ജൂലൈ 20ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ് ആസ്ഥാന ഓഫീസിലെ മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് വാക്ക്ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെയും അസൽ സഹിതം ഹാജരാകണം.



# വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികളെന്ന് ഭക്ഷ്യ മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചതായി ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ. വിലക്കയറ്റം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് വിളിച്ചു ചേർത്ത തിരുവനന്തപുരം ജില്ലയിലെ മൊത്ത വ്യാപാരി സംഘടനകളുടെ പ്രതിനിധികളുടെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെയും ലീഗൽ മെട്രോളജി വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നിത്യോപയോഗ സാധനങ്ങളായ മുളക്, ചെറുപയർ, കാശ്മീരി മുളക് എന്നിവയ്ക്ക് ഒരു ജില്ലയിലെ പല പ്രദേശങ്ങളിൽ പല വില ആശാസ്യമല്ലെന്നും അമിതവില ഈടാക്കുന്നവർക്കെതിരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതിനും യോഗത്തിൽ ധാരണയായി. ചില ഭക്ഷ്യോത്പന്നങ്ങൾക്ക് രാജ്യത്ത് വില ഉയരുന്നതിന്റെ ഭാഗമായി ഉപഭോഗ സംസ്ഥാനമായ കേരളത്തിൽ ഇവയുടെ വിലയിൽ പ്രകടമായ വ്യത്യാസങ്ങൾ പ്രതിഫലിക്കുന്നുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പും സപ്ലൈകോയും ഭക്ഷ്യോത്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തുടർച്ചയാണ് ബുധനാഴ്ച യോഗം ചേർന്ന് വില നിലവാരം നിയന്ത്രിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടത്.

ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ, പോലീസ് എന്നിവരടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ച് പരിശോധന ശക്തമാക്കാൻ തീരുമാനിച്ചു. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വിലനിലവാരം കൃത്യമായി പ്രദർശിപ്പിക്കണമെന്നും പരിശോധനകളിൽ വ്യാപാര സംഘടനകളുടെ സഹകരണം ഉറപ്പു വരുത്തണമെന്നും മന്ത്രി നിർദേശിച്ചു. ആഴ്ചയിലൊരിക്കൽ വിലനിലവാരം സംബന്ധിച്ച് ജില്ലാ കളക്ടർമാർ അവലോകനം നടത്തണം.

യോഗത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി അലി അസ്ഗർ പാഷ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ഡോ. ഡി. സജിത് ബാബു, ലീഗൽ മെട്രോളജി കൺട്രോളർ അബ്ദുൾ ഖാദിർ, തിരുവനന്തപുരം എ.ഡി.എം അനിൽ ജോൺ, വ്യാപാരി വ്യവസായ സംഘടന പ്രതിനിധികളായ പോൾ രാജ്, ധനീഷ് ചന്ദ്രൻ, ഹഫ്സർ, വിജയൻ, ചിത്തരഞ്ചൻദാസ്, മണികണ്ഠൻ, ഷെയ് ഫുദ്ദീൻ എന്നിവർ പങ്കെടുത്തു.

# കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപശാലയ്ക്ക് ഇന്ന്തുടക്കം

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യാധിഷ്ഠിത സംഘടനകളും സംയോജനത്തിന്റെ സാർവത്രീകരണം എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപശാലയ്ക്ക് ഇന്ന്(1372023) തുടക്കം. കോവളം ഉദയ സമുദ്രയിൽ ഇന്നും നാളെയുമായാണ് പരിപാടി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങളും കൂട്ടായി പ്രവർത്തിക്കുന്നതിന് അനുയോജ്യ മാതൃകകൾ പരിചയപ്പെടുത്തുകയും കേന്ദ്ര ഗ്രാമവികസന, പഞ്ചായത്ത് രാജ് മന്ത്രാലയങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിക്കുകയുമാണ് ശിൽപശാലയുടെ മുഖ്യ ലക്ഷ്യം. പൗര കേന്ദ്രീകൃത ഭരണം, ദരിദ്ര ജനവിഭാഗത്തിന് മെച്ചപ്പെട്ട സേവന വിതരണം, അവകാശ ലഭ്യത, ഉപജീവന മാതൃകകൾ ലഭ്യമാക്കൽ എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതി ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയാണ് ലക്ഷ്യം. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിനും ഇതു വഴി കൈവരിക്കുന്ന നേട്ടങ്ങൾ എന്തായിരിക്കണമെന്നും ഇരു മന്ത്രാലയങ്ങളുടെയും പ്രതിനിധികൾ സംയുക്തമായി അവതരിപ്പിക്കും.

ഇതര സംസ്ഥാനങ്ങളിലെ ദാരിദ്ര്യ നിർമാർജനത്തിനായി കേന്ദ്ര സർക്കാർ കുടുംബശ്രീയെ 2013 മുതൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി (എൻ.ആർ.ഒ) അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനവും തമ്മിലുള്ള സംയോജനവും ദരിദ്ര വനിതകൾക്ക് വരുമാന ലഭ്യതയ്ക്ക് സൂക്ഷ്മ സംരംഭരൂപീകരണവുമാണ് കഴിഞ്ഞ പത്തു വർഷമായി എൻ.ആർ.ഒ വഴി ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന മുഖ്യ പ്രവർത്തനങ്ങൾ. നിലവിൽ 15 സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനവും തമ്മിലുള്ള സംയോജന മാതൃക നടപ്പാക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ പദ്ധതിക്ക് മുന്നോടിയായി നടപ്പാക്കിയ ഇത്തരം സംയോജന മാതൃകകൾ സാമ്പത്തിക സാമൂഹിക ശാക്തീകരണം കൈവരിക്കാൻ ദരിദ്ര വനിതകളെ പ്രാപ്തരാക്കിയെന്നാണ് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ വിലയിരുത്തൽ. ഇതേ തുടർന്ന് മുൻവർഷങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ ചെയ്ത പദ്ധതി എല്ലാ സംസ്ഥാനങ്ങളിലും തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ വിവിധ ഘട്ടങ്ങളായി നടപ്പാക്കുകയാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ലക്ഷ്യം. ഇതിന് 15 സംസ്ഥാനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്ന ഏജൻസി കുടുംബശ്രീ എൻആർഒ ആയിരിക്കും.

എൻ.ആർ.എൽ.എം പദ്ധതി നടപ്പാക്കുന്ന സംസ്ഥാനങ്ങളിലെയും പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കിയ സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്.




# അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഗുരുവായൂർ റെയിൽവേ സ്റ്റേഷനും

**തൃശൂർ:** റെയിൽവേ മന്ത്രാലയത്തിൻറെ കീഴിൽ രാജ്യത്ത് നടപ്പിലാക്കുന്ന അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഗുരുവായൂർ സ്റ്റേഷനെ ഉൾപ്പെടുത്തിയതിന് അംഗീകാരം ലഭിച്ചതായി ടി.എൻ. പ്രതാപൻ എം പി അറിയിച്ചു. ഈ പദ്ധതിയിലൂടെ ദക്ഷിണ റെയിൽവേയിൽ 90 സ്റ്റേഷനുകളാണ് വികസിപ്പിക്കുന്നത്. കേരളത്തിലെ 34 സ്റ്റേഷനുകൾ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 90 സ്റ്റേഷനുകളുടേയും മാസ്റ്റർപ്ലാനുകൾ റെയിൽവേ അംഗീകരിച്ചു. ആദ്യഘട്ടത്തിൽ 35 എണ്ണത്തിൻറെ പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും മറ്റുള്ളവയുടെ നിർമാണത്തിനുള്ള ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സ്റ്റേഷനുകളിൽ യാത്രക്കാർക്കുള്ള സൗകര്യങ്ങൾ പുതുക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൻറെ ഭാഗമായി സ്റ്റേഷനുകളിൽ നടപ്പാലങ്ങൾ, ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ, സർകുലേറ്റിംഗ് ഏരിയ മെച്ചപ്പെടുത്തൽ, വിപുലമായ പാർക്കിംഗ് സൗകര്യം, പൂന്തോട്ടങ്ങൾ, അറിയിപ്പുകൾ നൽകാനുള്ള ഡിജിറ്റൽ സൗകര്യം, അറിയിപ്പ് ബോർഡുകൾ, പ്ലാറ്റുഫോമും മേൽക്കൂരയും വികസിപ്പിയ്ക്കൽ, സ്റ്റൈൻലെസ്സ് സ്റ്റീൽ ബെഞ്ചുകളും വാഷ് ബേസിനുകളും മികച്ച വെളിച്ച സംവിധാനം, സിസിടിവി എന്നിവയുണ്ടാകും.

തൃശൂർ ലോകസഭ മണ്ഡലത്തിലെ റെയിൽവേ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 18ന് തൃശൂർ റെയിൽവേ സ്റ്റേഷനിൽ ഉന്നതതല യോഗം ചേരും.

## ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഫയൽ അദാലത്ത് നടത്തി

**തിരുവനന്തപുരം:** ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ദീർഘകാലമായി തീർപ്പാകാതെ കിടന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിച്ചു. ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു. 2018 മുതൽ വകുപ്പിൽ തീർപ്പാകാതെ കിടന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധമായതും, അച്ചടക്കനടപടികളെ സംബന്ധിച്ചതും വിജലൻസ് കേസും കോടതി കേസുകളും ഒഴികെയുള്ള 104 ഫയലുകൾ, ലീഗൽ മെട്രോളജി വകുപ്പിലെ 4 ഫയലുകൾ ഉൾപ്പെടെ ആകെ 107 ഫയലുകൾ അദാലത്തിൽ തീർപ്പാക്കി. 2018 മതുൽ 2022 ഡിസംബർ വരെയുള്ള കുടിശ്ശിക ഫയലുകളാണ് തീർപ്പാക്കിയത്. ഇനി ഇത്തരത്തിലുള്ള 15 ഫയലുകൾ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും ജൂലൈ 26ന് സംഘടിപ്പിക്കുന്ന അദാലത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അവയും തീർപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു. ഒരു വർഷം ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി 23 ലക്ഷം അപേക്ഷകൾ ലഭിക്കാറുണ്ടെന്നും അവയിൽ 97.87 ശതമാനം അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുകയും ചെയ്തു വരുന്നതായി മന്ത്രി കൂട്ടിച്ചേർത്തു. ഭക്ഷ്യവിതരണ വകുപ്പ് സെക്രട്ടറി അലി അസ്ഗർ പാഷ, അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ ഡോ. ഡി. സജിത് ബാബു, ലീഗൽ മെട്രോളജി കൺട്രോളർ അബ്ദുൾ ഖാദിർ എന്നിവർ പങ്കെടുത്തു.



# സോളാർ ഫെൻസിംഗ്: നടപടികൾ തുടങ്ങി

**വിലങ്ങാട്:** കഴിഞ്ഞ ദിവസങ്ങളിൽ കാട്ടാനക്കൂട്ടമിറങ്ങി വ്യാപക കൃഷി നാശമുണ്ടായ വിലങ്ങാട് കുറ്റല്ലൂർ, പന്നിയേരി പ്രദേശങ്ങളിലെ സോളാർ ഫെൻസിംഗ് തകരാറ് പരിഹരിക്കണമെന്നാവശ്യപ്പെട്ട് കർഷക സംഘം വിലങ്ങാട് മേഖലാ കമ്മിറ്റി നടത്തിയ ഇടപെടൽ ഫലം കണ്ടു.

മരം വീണും, കാടുകയറിയും പ്രവർത്തനരഹിതമായ സൗരോർജ്ജ കമ്പിവേലി കാടുവെട്ടി തകരാറ് പരിഹരിക്കുന്നതിനാവശ്യമായ നടപടി വനം വകുപ്പ് ആരംഭിച്ചു. വനം വകുപ്പ് ജീവനക്കാരെ ഉപയോഗിച്ച് കുറ്റല്ലൂർ മേഖലയിലാണ് അറ്റകുറ്റപ്പണി ആരംഭിച്ചത്.

ആനയിറങ്ങുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കാത്ത പക്ഷം വനം വകുപ്പിനെതിരേ സമരം നടത്താൻ കർഷകസംഘം തീരുമാനിച്ചിരുന്നു. ഇതിനെ തുടർന്നാണ് വനം വകുപ്പ് അടിയന്തര നടപടി തുടങ്ങിയത്. കൂടുതൽ ജീവനക്കാരെ നിയമിച്ച് വനാതിർത്തിയിലെ മുഴുവൻ കമ്പിവേലിയും പ്രവർത്തനസജ്ജമാക്കണമെന്ന് കർഷക സംഘം ആവശ്യപ്പെട്ടു.




# വയനാട് മഴ മഹോത്സവം: കൽപ്പറ്റയിൽ അന്തർദേശീയ ഹാഫ് മാരത്തൺ 15ന്

**കൽപ്പറ്റ:** വയനാട് മഴ മഹോത്സവത്തിൻറെ ഭാഗമായി വയനാട് ടൂറിസം ഓർഗനൈസേഷൻറെയും ജില്ലാ ഒളിന്പിക് അസോസിയേഷൻറെയും സംയുക്താഭിമുഖ്യത്തിൽ 15ന് കൽപ്പറ്റയിൽ അന്തർദേശീയ ഹാഫ് മാരത്ത, അമേച്വർ മാരത്തൺ, സെലിബ്രിറ്റി റൺ എന്നിവ നടത്തും. ജില്ലാ ഒളിന്പിക് അസോസിയേഷൻ സെക്രട്ടറി സലിം കടവൻ, ജോയിൻറ് സെക്രട്ടറി സുബൈർ ഇളകുളം, മെംബർ ടി. സതീഷ്കുമാർ, ഡബ്ല്യുടിഒ പ്രതിനിധി പ്രദീപ് മൂർത്തി എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചതാണ് വിവരം.

ബൈപാസ് ജംഷ്നിൽ ആരംഭിച്ച് കാക്കവയൽ ജവാൻ സ്മൃതി ചുറ്റി തിരികെയത്തുന്ന വിധത്തിലാണ് 21 കിലോമീറ്റർ ഹാഫ് മാരത്തൺ. ബൈപാസ് ജംഗ്ഷനിൽ തുടങ്ങി കൈനാട്ടി ജംഗ്ഷനു കുറച്ചകലെവരെ പോയി തിരിച്ചെത്തുന്ന വിധത്തിലാണ് പുരുഷ, വനിതാ വിഭാഗങ്ങളിൽ 10 കിലോമീറ്റർ അമേച്വർ മാരത്തൺ. രാവിലെ 6.30ന് ഹാഫ് മാരത്തണും തുടർന്ന് അമേച്വർ മാരത്തണും ജില്ലാ കളക്ടർ ഡോ.ആർ. രേണുരാജ് ഫ്ളാഗ് ഓഫ് ചെയ്യും. ഹാഫ് മാരത്തണിൽ അന്തർദേശീയതലത്തിൽ മികവ് തെളിയിച്ചവരടക്കം 150 ഓളം പേർ പങ്കെടുക്കും.

ലഹരിമുക്ത കേരളം കാന്പയിൻറെ ഭാഗമായാണ് രണ്ട് കിലോമീറ്റർ സെലിബ്രിറ്റി റൺ. രാവിലെ ഒന്പതിന് എംസിഎഫ് പബ്ലിക് സ്കൂൾ പരിസരത്ത് ആരംഭിച്ച് ബൈപാസ് ജംഗ്ഷനിൽ സമാപിക്കും. രാഷ്ട്രീയസാമൂഹികസാംസ്കാരിക മേഖലകളിലെ പ്രമുഖർ, ജില്ലയിലെ ഒളിന്പ്യൻമാർ, സർക്കാർഅർധസർക്കാർ ഉദ്യോഗസ്ഥർ, ദേശീയഅന്തർദേശീയ കായിക താരങ്ങൾ, സ്പോർട്സ് അസോസിയേഷൻ പ്രതിനിധികൾ, എൻസിസി, എസ്പി കാഡറ്റുകൾ, ജെസിഐ പ്രതിനിധികൾ, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻഎസ്എസ് വോളണ്ടിയർമാർ, വിദ്യാർഥികൾ തുടങ്ങി ആയിരത്തോളം പേർ പങ്കെടുക്കും.

മാരത്തണുകളിലും സെലിബ്രിറ്റി റണ്ണിലും പങ്കെടുക്കുന്നവർക്ക് ജെ.സി ഫൗണ്ടേഷൻ ലോട്ടറി ടിക്കറ്റ് സിനിമയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാരിൻറെ 2020 ലോട്ടറി ടിക്കറ്റ് സൗജന്യമായി നൽകും. അന്തരിച്ച ചലച്ചിത്ര സംവിധായകനും നടനുമായ ജെ.സിയുടെ ഓർമയ്ക്കായി രൂപീകരിച്ചതാണ് ജെസി ഫൗണ്ടേഷൻ. ഹാഫ് മാരത്തണിൽ ഒന്നാം സ്ഥാനം നേടുന്നയാൾക്ക് 25,000 രൂപ സമ്മാനം നൽകും. അമേച്വർ മാർത്തൺ വിഭാഗത്തിൽ 10,000 രൂപയാണ് ഒന്നാം സമ്മാനം. രണ്ടു വിഭാഗങ്ങളിലും രണ്ടു മുതൽ 10 വരെ സ്ഥാനക്കാർക്ക് കാഷ് പ്രൈസ് നൽകും.

വയനാട് മഴ മഹോത്സവത്തിൻറെ ഭാഗമായി കേരള ടൂറിസം വകുപ്പ്, ഡിടിപിസി, വയനാട് ടൂറിസം ഓർഗനൈസേഷൻ, മഡ്ഡി ബൂട്ട്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി സപ്ത റിസോർട്ടിൽ നടന്ന ദ്വദിന ബി ടു ബി മീറ്റ് വിജയം. വരുന്ന വർഷങ്ങളിൽ കൂടുതൽ വിദേശ, ആഭ്യന്തര സഞ്ചാരികളെ ജില്ലയിലെത്തിക്കാൻ മീറ്റിൽ ധാരണയായി. രാജ്യത്തിന് അകത്തുംപുറത്തും നിന്നായി അറുനൂറോളം ടൂർ ഓപ്പറേറ്റർമാരും ജില്ലയിലും പുറത്തുമുള്ള 120 ടൂറിസം സംരംഭകരും മീറ്റിൽ പങ്കെടുത്തു.

ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ, നാടിൻറെ പൈതൃകം, സംസ്കാരം, കാലാവസ്ഥ തുടങ്ങിയവ സഞ്ചാരികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ബി ടു ബി മീറ്റ് സംഘടിപ്പിച്ചതെന്നു വയനാട് ടൂറിസം ഒർഗനൈസേഷൻ പ്രസിഡൻറ് കെ.ആർ. വാഞ്ചീശ്വരൻ, ജനറൽ സെക്രട്ടറി സി.പി. ശൈലേഷ്, ജോസ് കൈനടി, സി.സി. അഷറഫ്, പ്രദീപ് മൂർത്തി, പി. അനൂപ്, പി.എൻ. ബാബു എന്നിവർ പറഞ്ഞു. ബി ടു ബി മീറ്റിൻറെ രണ്ടാം ദിനത്തിൽ പങ്കെടുക്കുന്നതിനു പൊതുജനങ്ങൾക്കും അവസരം നൽകി.

വയനാട് മഴ മഹോത്സവത്തിൻറെ(സ്പ്ലാഷ്2023) പതിനൊന്നാമത് പതിപ്പാണ് നടന്നുവരുന്നത്. ഔട്ട് ഡോർ ഇനങ്ങളുടെ ഭാഗമായി മഡ് ഫുട്ബോൾ മത്സരവും ചീങ്ങേരിമല ട്രക്കിംഗും നടത്തി. ഇന്ന് രാവിലെ ഏഴിന് പെരുന്തട്ടയിൽ മൗണ്ടെയ്ൻ ബൈക്കിംഗ് മത്സരം നടത്തും. നാളെ രാവിലെ ഡെസ്റ്റിനേഷൻ റൈഡും കർലാട് തടാകത്തിൽ രാവിലെ ഒന്പത് മുതൽ കയാക്കിംഗ് മത്സരവും ഉണ്ടാകും.

വൈകുന്നേരം പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ സംഗീതവിരുന്ന് നടക്കും. സമാപന ദിനമായ ശനിയാഴ്ച രാവിലെ കൽപ്പറ്റയിൽ മാരത്തൺ മത്സരവും ലഹരിക്കെതിരേ കൂട്ടയോട്ടവും നടത്തും. വൈകുന്നേരം പുളിയാർമലയിൽ കലാപരിപാടികൾ അരങ്ങേറും.

## പാലരുവി, ചെന്നൈ എഗ്മോർ ട്രെയിനുകളുടെ സമയക്രമമായി

**കൊല്ലം:** പുതിയതായി കുണ്ടറയിലും ആര്യങ്കാവിലും സ്റ്റോപ്പ് അനുവദിച്ച തിരുനെൽവേലി പാലക്കാട് പാലരുവി എക്സ്പ്രസിന്റെയും കൊല്ലം ചെന്നൈ എഗ്മോർ എക്സ്പ്രസിന്റെയും സമയക്രമം പുറത്തിറക്കി റെയിൽവേ.

കഴിഞ്ഞ ദിവസമാണ് ട്രെയിൻ നമ്പർ 16791/16792 പാലരുവി എക്പ്രസിന് കുണ്ടറയിലും ട്രെയിൻ നമ്പർ 16101/16102 ചെന്നൈ എഗ്മോറിന് ആര്യങ്കാവിലും സ്റ്റോപ്പ് അനുവദിച്ച് ഉത്തരവിറക്കിയത്. ഇരുട്രെയിനുകളും 18മുതലാണ് പുതിയ സ്റ്റോപ്പുകളിൽ നിറുത്തുക. ഒരു മിനിറ്റ് വീതമാണ് ഉള്ളത്. 16791പാലരുവി എക്സ്പ്രസ് കുണ്ടറയിൽ 3.37ന് എത്തി 3.38ന് പുറപ്പെടും. 16792 പാലരുവിഎക്സ് പ്രസ് രാത്രി 11.32ന് എത്തി 11.33ന് സ്റ്റേഷനിൽ നിന്ന് പുറപ്പെടും. ട്രെയിൻ നമ്പർ 16101 ചെന്നൈ എഗ്മോർ രാവിലെ 4.23ന് ആര്യങ്കാവിലെത്തി 4.24 ന് പുറപ്പെടും.16102 ചെന്നൈ എഗ്മോർ എക്സ് പ്രസ് 19 മുതൽ ആര്യങ്കാവിൽ 2.28ന് എത്തി ട്രെയിൻ 2.29ന് പുറപ്പെടുമെന്നും റെയിൽവേ അധികൃതർ അറിയിച്ചു.

## സുഭിക്ഷകേരളം ജനകീയമത്സ്യകൃഷിക്ക് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സുഭിക്ഷകേരളംജനകീയ മത്സ്യകൃഷി 202325 പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഉൾനാടൻ മത്സ്യ ഉത്പാദനം വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യ ഉത്പാദനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിനുമായി വിവിധ ശാസ്ത്രീയ മത്സ്യകൃഷി പദ്ധതികളിലേക്ക് അപേക്ഷിക്കാനാണ് അവസരം.

അർധ ഊർജിത തിലാപ്പിയ, ആസാം വാള, വരാൽ മത്സ്യകൃഷി, ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ ആസാം വാള, അനബാസ് അല്ലെങ്കിൽ തനത് മത്സ്യകൃഷികൾ, റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ, വരാൽ, അനബാസ്), ബയോഫ്ളോക്കിലെ മത്സ്യകൃഷി എന്നിവയാണ് പദ്ധതികൾ. താൽപര്യമുള്ളവർ വെള്ളകടലാസിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും ജൂലൈ 25 ന് വൈകുന്നേരം 5 മണിക്ക് മുമ്പ് സമീപത്തെ മത്സ്യഭവൻ ഓഫീസിലോ, ജില്ലാ ഫിഷറീസ് ഓഫീസിലോ അല്ലെങ്കിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി, പൈനാവ്, പിൻ685603 എന്ന വിലാസത്തിലോ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 233226, 04868 234505

## ജില്ലാ സ്പോട്സ് യോഗ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം 29 ന്

**പത്തനംതിട്ട:** ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും യോഗാ അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എട്ടാമത് സ്പോർട്സ് യോഗാ ജില്ലാ ചാമ്പ്യൻഷിപ്പ് 29ന് (ശനി) പ്രമാടം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ അഡ്വ. കെ. യു. ജനീഷ്മാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. അന്തർദേശീയ ദേശീയ സംസ്ഥാന മത്സരങ്ങളിലേക്ക് പങ്കെടുക്കാനുള്ള സിലബസ് പ്രകാരം 8 മുതൽ 18 വയസ് വരെയുള്ള സീനിയർ വിഭാഗവും 18 മുതൽ ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്ന വ്യത്യസ്ത സിലബസ് പ്രകാരവുമാണ് മത്സരം. ജില്ലാ മത്സരത്തിലെ ഓരോ വിഭാഗത്തിലെയും രണ്ട് വീതം ആൺ, പെൺ താരങ്ങൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങൾക്കായി ആർട്ടിസ്റ്റിക് സോളോ, ആർട്ടിസ്റ്റിക് പെയർ, റിഥമിക്ക് പെയർ, ഫ്രീ ഫ്ളോ ഡാൻസ് എന്നിവയും മത്സരത്തിലുണ്ട്.സംഘാടക സമിതി ചെയർമാനും ഇ.എം.എസ് ചാരിറ്റബിൾ സൊസൈറ്റി ചെയർമാനുമായ ശ്യാംലാൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പിആർപിസി ചെയർമാൻ കെ. പി. ഉദയഭാനു മുഖ്യ അതിഥിയാകും. ചേതന യോഗ ജില്ലാ പ്രസിഡന്റ് എ പത്മകുമാർ മുഖ്യപ്രഭാഷണം നടത്തും. സമാപന സമ്മേളനം പ്രമാടം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നവനീത് ഉദ്ഘാടനം ചെയ്യും.

### മൃഗക്ഷേമ അവാർഡിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** 202223 വർഷത്തിൽ മികച്ച മൃഗക്ഷേമ പ്രവർത്തനം നടത്തിയ വ്യക്തി/സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പ് അവാർഡ് നൽകുന്നു. മികച്ച മൃഗക്ഷേമ പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവയ്ക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ അടക്കം ജൂലൈ 25നുള്ളിൽ ബന്ധപ്പെട്ട മൃഗാശുപത്രിയിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഇത്തരത്തിലുള്ള അവാർഡ് ലഭിച്ചവരെ ഈ വർഷം പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകളിൽ നിന്നും ഒരു വ്യക്തി/സംഘടനയ്ക്ക് 10,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. അപേക്ഷാ ഫോറത്തിന് അതത് പ്രദേശത്തെ മൃഗാശുപത്രിയുമായി ബന്ധപ്പെടാം.

# വിഴിഞ്ഞം തുറമുഖം: ഫ്ളോട്ടിംഗ് ഡ്രൈഡോക്ക് വരുന്നു




**വിഴിഞ്ഞം:** തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ അതിന്റെ നേരിട്ടുള്ള നേട്ടം തലസ്ഥാന ജില്ലയിൽ മാത്രം ഒതുങ്ങുന്നില്ല. കൊല്ലം ജില്ലയ്ക്കും കോടികളുടെ വരുമാനം നേരിട്ട് ലഭിക്കുന്ന വൻ പദ്ധതികളാണ് വരാൻ പോകുന്നത്. കപ്പലുകളും ബാർജുകളും അറ്റകുറ്റപ്പണി നടത്തുന്ന ഫ്ളോട്ടിംഗ് ഡ്രൈഡോക്ക് കൊല്ലം തുറമുഖത്ത് യാഥാർത്ഥ്യമാക്കാനൊരുങ്ങുകയാണ് മാരിടൈം ബോർഡ്.

വിഴിഞ്ഞം തുറമുഖം കമ്മിഷൻ ചെയ്യുന്നതോടെ കൊല്ലം തുറമുഖത്ത് ഡ്രൈഡോക്കിന് സാദ്ധ്യതകളേറെയുണ്ടെന്നാണ് വിലയിരുത്തൽ.വിഴിഞ്ഞത്ത് വരുന്ന കപ്പലുകൾ കൊല്ലത്തെത്തിച്ച് അറ്റകുറ്റപ്പണി നടത്താം.

മറ്റ് തുറമുഖങ്ങൾക്കും പ്രയോജനപ്പെടുത്താം. കൊച്ചി കപ്പൽ നിർമ്മാണശാലയിൽ അറ്റകുറ്റപ്പണിക്കായി എത്തുന്ന കപ്പലുകളുടെ എണ്ണം വർദ്ധിക്കുന്നതും പ്രതീക്ഷയാണ്. വിഴിഞ്ഞത്തിനും കൊല്ലത്തിനും അന്താരാഷ്ട്ര ഷിപ്പിംഗ് കോഡ് ലഭിച്ചതോടെ ക്രൂ ചെയ്ഞ്ചിനടക്കം വിദേശ കപ്പലുകൾ കേരള തീരത്തേക്കെത്തും. കോടികളുടെ വരുമാനമാണ് ഇതിലൂടെ ലഭിക്കുന്നത്. ഡ്രൈഡോക്ക് സ്ഥാപിക്കാൻ ദുബായ് ആസ്ഥാനമായ കമ്പനി താത്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയൽ തുറമുഖ വകുപ്പ് ധനവകുപ്പിന് കൈമാറിയതായാണ് വിവരം.

## കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം: പ്രത്യേക റിപ്പോർട്ട് തയ്യാറാക്കും



ഗുരുവായൂർ: കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുമെന്ന് നിയമസഭാ സമിതി ചെയർപേഴ്സൺ യു. പ്രതിഭ എം.എൽ.എ. ഗുരുവായൂരിൽ നടന്ന യോഗത്തിന് ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.മൊബൈൽ ഫോൺ ദുരുപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റാൻ രക്ഷിതാക്കളും മുന്നോട്ടു വരണം. കുട്ടികളുടെ മുന്നിൽ രക്ഷിതാക്കൾ ലഹരി ഉപയോഗിക്കരുത്. കുടുംബത്തിൽ നിന്ന് ഒറ്റപ്പെട്ട് കഴിയേണ്ടവരല്ല ട്രാൻസ്ജെൻഡറുകൾ. സമൂഹത്തിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവർക്കും ലഭ്യമാക്കണമെന്നും അംഗങ്ങൾ പറഞ്ഞു.

ഭിന്നശേഷി വിഭാത്തിൽപ്പെട്ടവർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഗുരുവായൂരിൽ നടന്ന നിയമസഭാ സമിതിയുടെ തെളിവെടുപ്പിൽ 20 ഓളം പരാതികൾ ലഭിച്ചു. ജില്ലയിലെ രണ്ടു ദിവസത്തെ തെളിവെടുപ്പിൽ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച വിഷയങ്ങൾ പരിഗണിച്ചു.

സമിതി ചെയർപേഴ്സൺ യു. പ്രതിഭ, ഒ.എസ്. അംബിക, കെ. ശാന്തകുമാരി, ദലീമ ജോജോ എന്നിവരുടെ നേതൃത്വത്തിലാണ് പരാതി പരിഗണിച്ചത്. ഗുരുവായൂർ ഫെസിലിറ്റേഷൻ സെന്ററിൽ നടന്ന സിറ്റിംഗിൽ എൻ.കെ. അക്ബർ എം.എൽ.എ, നഗരസഭാ ചെയർമാൻ എം.കൃഷ്ണദാസ് തുടങ്ങിയവർ പങ്കെടുത്തു.

## സ്ട്രീറ്റ് ടൂറിസം: വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ് തയ്യാർ



**പാലക്കാട്:** സ്ട്രീറ്റ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം ജില്ലാ മിഷന്റെ നേതൃത്വത്തിൽ തൃത്താല, പട്ടിത്തറ പഞ്ചായത്തുകളിലെ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ് തയ്യാറാക്കി.കളരിപ്പയറ്റ് സെന്റർ, മൺപാത്ര നിർമ്മാണം, കൊട്ട നെയ്ത്ത്, തെങ്ങുകയറ്റം, പപ്പട നിർമ്മാണം, കള്ള് ചെത്ത് തുടങ്ങിയ പരമ്പരാഗത തൊഴിൽ, നാടൻ കലകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചാണ് പാക്കേജ്. വിനോദ സഞ്ചാരികൾക്ക് സന്ദർശിക്കാൻ അവസരം ഒരുക്കുന്നതോടൊപ്പം പ്രദേശവാസികളുടെ വരുമാന മാർഗം ഉറപ്പാക്കുകയും ചെയ്യും.

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഔദ്യോഗികമായി അറിയിച്ച ശേഷം ഉത്തരവാദിത്ത ടൂറിസം മിഷന്റെ https://www.keralatourism.org/responsibletourism ൽ പ്രസിദ്ധീകരിക്കും. ശേഷം ഇതുവഴി ടൂറിസ്റ്റുകൾക്ക് പാക്കേജ് ബുക്ക് ചെയ്യാം.സംസ്ഥാനത്തെ 10 പഞ്ചായത്തിലാണ് സ്ട്രീറ്റ് ടൂറിസം നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി തൃത്താല, പട്ടിത്തറ പഞ്ചായത്തുകളിൽ ടൂറിസം വികസന സമിതി രൂപീകരിച്ച് റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. പരമ്പരാഗത തൊഴിൽ, കലാകാരന്മാർ, കർഷകർ തുടങ്ങി 250ഓളം യൂണിറ്റ് രജിസ്റ്റർ ചെയ്തു. ആധാർ കാർഡിന്റെ പകർപ്പ്, രണ്ട് ഫോട്ടോ എന്നിവയാണ് രജിസ്ട്രേഷന് വേണ്ടത്.തുടങ്ങാം ഒരു ഹോം സ്റ്റേടൂറിസം വകുപ്പ് ലൈസൻസുള്ളവർക്കാണ് ഹോം സ്റ്റേ തുടങ്ങാൻ സാധിക്കുക. വീടിന്റെ മുറികളുടെ ചതുരശ്ര അടി വലുപ്പം, അറ്റാച്ച്ഡ് ബാത് റൂം തുടങ്ങിയ മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ലൈസൻസ് നൽകുക. താമസ സൗകര്യം, ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി ഹോം സ്റ്റേകളെ തരംതിരിച്ചിട്ടുണ്ട്.

# മാധ്യമ രംഗം കോർപ്പറേറ്റ്വൽക്കരിക്കപ്പെട്ടു: മന്ത്രി പി രാജീവ്




**കൊച്ചി:** മാധ്യമ പ്രവർത്തനം സാമൂഹിക പ്രതിബദ്ധതയിലൂന്നിയതായിരിക്കണമെന്ന് മന്ത്രി പി. രാജീവ്. സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നങ്ങളിലേക്കാണ് മാധ്യമ പ്രവർത്തകർ ഇറങ്ങിച്ചെല്ലേണ്ടതെന്നും മന്ത്രി പറഞ്ഞു. മുതിർന്ന മാധ്യമ പ്രവർത്തകനും എറണാകുളം പ്രസ് ക്ലബ്ബിന്റെ മുൻ പ്രസിഡന്റുമായ സി.വി. പാപ്പച്ചന്റെ സ്മരണാർഥം ഏർപ്പെടുത്തിയിട്ടുള്ള സി.വി. പാപ്പച്ചൻ പുരസ്കാരം മാതൃഭൂമി സബ് എഡിറ്റർ അഞ്ജന ഉണ്ണികൃഷ്ണന് സമ്മാനിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. മാധ്യമരംഗം കോർപറേറ്റ് വത്കരിച്ചിരിക്കുകയാണ്. ദേശീയഅന്തർദേശീയ തലങ്ങളിലെ മുഖ്യാധാര മാധ്യമങ്ങളൊക്കെ ഇതിന്റെ പിടിയിലാണ്. ചെറിയ ഒരു വിഭാഗം പോരാട്ടം നടത്തുന്നുണ്ടെങ്കിലും അവരുടെ നിലനിൽപ് അവതാളത്തിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സത്യസന്ധമായ മാധ്യമ പ്രവർത്തനത്തിലൂടെ സമൂഹ നന്മയ്ക്കായി പോരാടിയ വ്യക്തിത്വമായിരുന്നു സി.വി. പാപ്പച്ചനെന്നും മന്ത്രി അനുസ്മരിച്ചു. മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ്ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ജോയന്റ് സെക്രട്ടറി മനു വിശ്വനാഥ് പ്രശസ്തി പത്രം വായിച്ചു. കെ.യു.ഡബ്ല്യു.ജെ സംസ്ഥാന വൈസ് പ്രസിഡന്റ് സീമാ മോഹൻലാൽ ആശംസ നേർന്നു. പുരസ്കാര ജേതാവ് അഞ്ജന ഉണ്ണികൃഷ്ണൻ സംസാരിച്ചു. പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും ട്രഷറർ മനു ഷെല്ലി നന്ദിയും പറഞ്ഞു.

# ഹോട്ടൽ ആക്രമണം: ശക്തമായ നടപടി വേണമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ

**കൊച്ചി:** ഹോട്ടലിനകത്തിരുന്ന് മദ്യപിക്കുന്നത് തടഞ്ഞത് ചോദ്യംചെയ്ത ഹോട്ടലുടമയേയും ജീവനക്കാരെയും മർദ്ധിക്കുകയും, ഹോട്ടലിൽ തയ്യാറാക്കിവെച്ചിരുന്ന ഭക്ഷണത്തിൽ മണ്ണുവാരിയിട്ട് നശിപ്പിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. ഇന്നലെ വൈകുന്നേരം ഇടപ്പള്ളി മരോട്ടിച്ചോട്ടിൽ പ്രവർത്തിക്കുന്ന താൾ ഹോട്ടലിലാണ് ഒരു സംഘം വിദ്യാർത്ഥികൾ ആക്രമണം നടത്തിയത്. പെൺകുട്ടികളടക്കമുള്ള ഒരുസംഘം വിദ്യാർത്ഥികൾ ഹോട്ടലിൽ എത്തി ഭക്ഷണം ഓർഡർ ചെയ്യുകയും, ഭക്ഷണം തയ്യാറാക്കുന്ന സമയത്ത് പരസ്യമായി ഹോട്ടലിലിരുന്ന് മദ്യപിക്കുകയും ചെയ്തു. ഇത് തടഞ്ഞ ഹോട്ടലുടമയേയും, ജീവനക്കാരേയും അസഭ്യം വിളിച്ചുകൊണ്ട് തട്ടിക്കയറുകയും, ദേഹോപദ്രവം ഏൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് പുറത്തുനിന്ന് കൂടുതൽ വിദ്യാർത്ഥികളെ വിളിച്ചുകൂട്ടുകയും ഹോട്ടൽ ജീവനക്കാരെ മർദ്ദിക്കുവാൻ ശ്രമിക്കുകയും പാകം ചെയ്തുവെച്ചിരുന്ന ഭക്ഷണത്തിൽ മണ്ണ് വാരിയിട്ട് ഉപയോഗശൂന്യമാക്കുകയും ചെയ്തു. നിരവധി കുടുംബങ്ങളടക്കമുള്ള ഉപഭോക്താക്കൾ ഹോട്ടലിലുണ്ടായിരുന്ന സമയത്താണ് സംഭവം. ബഹളത്തെതുടർന്ന് മറ്റുള്ള ഉപഭോക്താക്കൾ ഹോട്ടലിൽനിന്ന് ഇറങ്ങിപ്പോവുകയും, ഭക്ഷണം ഉപയോഗശൂന്യമായതോടെ വലിയ നഷ്ടം ഹോട്ടലുടമക്ക് സംഭവിക്കുകയും ചെയ്തു. ലഹരിവസ്തുക്കൾ ഉപയോഗിച്ചും, മദ്യപിച്ചും സാമൂഹ്യവിരുദ്ധർ ഹോട്ടലുകളിൽ പ്രശ്നങ്ങളുണ്ടാക്കുന്നത് നിത്യസംഭവമായിരിക്കുകയാണ്. സാമൂഹ്യവിരുദ്ധരെ തടയിടുവാനുള്ള ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ച് സുരക്ഷിതമായി വ്യാപാരം നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കണം. താൾ ഹോട്ടൽ ആക്രമിച്ച മുഴുവൻ വിദ്യാർത്ഥികളേയും അറസ്റ്റ് ചെയ്യണമെന്നും, ഹോട്ടലുടമയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽനിന്ന് ഈടാക്കി നൽകുന്നതടക്കമുള്ള ശക്തമായ നടപടികൾ പോലീസ് സ്വീകരിക്കണമെന്നും കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാ സെക്രട്ടറി കെ. ടി. റഹിമും ആവശ്യപ്പെട്ടു.

# ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണ പദ്ധതി : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മുസ്ലീം,ക്രിസ്ത്യൻ ബുദ്ധ, സിഖ്, പാഴ്സി,ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണ പദ്ധതിയിൽ ധനസഹായത്തിന് ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. അതാതു ജില്ലാ കളക്ടറേറ്റുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.അപേക്ഷകയുടെ സ്വന്തം പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണം 1200 സ്ക്വയർ ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന ലഭിക്കും.ഒരു വീടിന്റെ അറ്റകുറ്റപ്പണിക്ക് 50000 രൂപ ധനസഹായം അനുവദിക്കുന്നതാണ് തുക തിരിച്ചടക്കേണ്ടതില്ല .സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ളവർ സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ 10 വർഷത്തിനിടെ ഭവന നിർമാണത്തിന് ലഭിച്ചവർ എന്നിവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷ ഫോറം www.minortiywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ജൂലൈ 31 ന് മുൻപായി അപേക്ഷ സമർപ്പിക്കണം.

# ബോധവൽക്കരണ ക്ലാസുകൾ നൽകി



**കൊച്ചി:** കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ ആലുവയുടെ നേതൃത്വത്തിൽ ക്ഷീര കർഷകർക്കും അരുമ മൃഗങ്ങളെ വളർത്തുന്നവർക്കും പേ വിഷബാധ , എലിപ്പനി എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നൽകി.മൃഗസംരക്ഷണ വകുപ്പ് റിട്ട. അസിസ്റ്റന്റ് ഡയറക്ടർ ഡോ. എ.എസ്. ലാല, വെറ്റിനറി ഡിസ്പെൻസറി എളംകുന്നപ്പുഴ വെറ്റിനറി സർജൻ ഡോ. പി.എ സൈറ എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിച്ചു.വൈപ്പിൻ, പറവൂർ, ആലങ്ങാട് ബ്ലോക്കുകളിലെ 115 കർഷകരും അരുമമൃഗങ്ങളെ വളർത്തുന്നവരും പങ്കെടുത്ത ട്രെയിനിങ് ജനപങ്കാളിത്തം കൊ് ശ്രദ്ധേയമായി.ചടങ്ങിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ അധ്യക്ഷത വഹിച്ചു. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ് ഉദ്ഘാടനം നിർവഹിച്ചു. എൽ.എം. ടി. സി ഡെപ്യൂട്ടി ഡയറക്ടർ ഡോ. മനോജ് കുമാർ, ചീഫ് വെറ്ററിനറി സർജൻ ഡോ. ആർ.മിനി,മൃഗ സംരക്ഷണ വകുപ്പ് റിട്ട. ജോയിന്റ് ഡയറക്ടർ ഡോ പി.എം രജന, കുഴിപ്പള്ളി ഗ്രാമപഞ്ചായത്ത് കെ. എസ് നിബിൻ , എടവനക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൽസലാം , വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇ.കെ ജയൻ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ രാധിക സതീഷ്, വെറ്ററിനറി ഡിസ്പെൻസറി ചെറായി വെറ്ററിനറി സർജൻ ഡോ. ലിൻഡ ജോർജ് എന്നിവർ പങ്കെടുത്തു.

# സെലക്ട് കമ്മിറ്റി തെളിവെടുപ്പ്

**കൊച്ചി:** മൃഗസംരക്ഷണക്ഷീരവികസനമ്യൂസിയം വകുപ്പു മന്ത്രി ജെ. ചിഞ്ചുറാണി അദ്ധ്യക്ഷയായ 2022ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച നിയമസഭാ സെലക്ട് കമ്മിറ്റി ഇന്ന് രാവിലെ 11.00 മണിക്ക് എറണാകുളം സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം ചേർന്ന് കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ ജനപ്രതിനിധികൾ, ക്ഷീര കർഷകർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും.. 2022ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച ചോദ്യാവലിയും നിയമസഭാ വെബ്സൈറ്റിൽ (www.niyamasabha.org - Home page) ലഭ്യമാണ്. ബില്ലിലെ വ്യവസ്ഥകളിന്മേൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുവാൻ താല്പര്യമുള്ളവർക്ക് അവ പ്രസ്തുത യോഗത്തിൽ നേരിട്ടോ രേഖാമൂലമോ സമർപ്പിക്കാവുന്നതാണ്. കൂടാതെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖാമൂലം അർ സെക്രട്ടറി, നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്,. തിരുവനന്തപുരം33 എന്ന വിലാസത്തിലോ legislation@niyamasabha.nic.in എന്ന ഇമെയിൽ മുഖാന്തിരമോ അയച്ചു കൊടുക്കാവുന്നതുമാണ്.

# സൗജന്യ തൊഴിൽ അധിഷ്ഠിത കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്രസർക്കാർ നടത്തുന്ന സൗജന്യ തൊഴിൽ പരിശീലന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി:18 മുതൽ 29 വരെ . യോഗ്യത : പ്ലസ് ടു തതുല്യമായ ഐടിഐ ഡിപ്ലോമ ബിരുദ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം . കസ്റ്റമർ റിലേഷൻഷിപ്പ് ഓഫീസർ, ടൂറിസം ഹോസ്പിറ്റാലിറ്റി ( ഫുഡ് ആന്റ് ബീവറേജ്) തുടങ്ങിയ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. രുമാസമാണ് കോഴ്സിൻറെ കാലാവധി. കോഴ്സ് പൂർത്തിയാകുന്നതിനോടൊപ്പം സർട്ടിഫിക്കേഷനും തൊഴിലും നൽകും.

# സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പുന:സംഘടിപ്പിക്കുന്നു

**കൊച്ചി:** സ്കൂൾ കുട്ടികളിൽ ഉപഭോക്തൃ സംരക്ഷണ നിയമം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പുന:സംഘടിപ്പിക്കുക എന്ന സർക്കാർ പദ്ധതിക്കാവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ സപ്ലൈ ഓഫീസറുടെ അധ്യക്ഷതയിൽ ചേർന്നജില്ലയിലെ ഉപഭോക്തൃ സന്നദ്ധ സംഘടനാ പ്രതിനിധികളുടെ യോഗം തീരുമാനിച്ചു.ജില്ലയിലെ ഉപഭോക്തൃ സംഘടനകളായ കൺസ്യൂമർ പ്രൊട്ടക്ഷൻ കേരള, കൺസ്യൂമർ പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ, ഉപഭോക്തൃ ജാഗ്രതാ സമിതി, എറണാകുളം ജില്ലാഉപഭോക്തൃ സമിതി, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൺസ്യൂമർ പ്രൊട്ടക്ഷൻ, ആലുവ താലൂക്ക് പൗരാവകാശ സംരക്ഷണ സമിതി, കൺസ്യൂമർ പ്രൊട്ടക്ഷൻ, എറണാകുളം, കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ ആന്റ് വെൽഫെയർ ഫെഡറേഷൻ എന്നീ സംഘടനകളുടെ ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.ഉപഭോക്തൃ ബോധവൽക്കരണം വിപുലീകരിക്കുന്നതുവഴി ഉപഭോക്താവിന്റെ അവകാശങ്ങൾ നേടിയെടുക്കുകയും ഉപഭോക്താവിനെ ചൂഷണം ചെയ്യുന്നതിൽ നിന്നും രക്ഷിക്കുന്നതിനും വേണ്ടി ഉപഭോക്തൃ സംഘടനകൾ കൂട്ടി യോജിപ്പിച്ചുകൊണ്ട് ജില്ലയിൽ നടപ്പാക്കേണ്ട പദ്ധതികൾ യോഗത്തിൽ ആസൂത്രണം ചെയ്തു. ഉപഭോക്താക്കളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും യോഗം തീരുമാനിച്ചു.ഉപഭോക്താക്കളുടെ താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവ മുഖേന ബോധവത്കരണ ക്ലാസുകൾ നടത്തും.പൊതുവിതരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ കേരളം മാസിക ജില്ലയിലെ എല്ലാ വായനശാലകളിലും എത്തിക്കുക, ഉപഭോക്തൃ കോടതികളിൽ എല്ലാ രേഖകളും മലയാളത്തിൽ തയ്യാറാക്കുക, എല്ലാ സർക്കാർ ഓഫീസുകളിലും പണമിടപാടുകൾക്ക് ക്യു.ആർ. കോഡ്, സ്വൈപ്പിംഗ് മെഷീൻ എന്നിവ ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങളും യോഗം ഉന്നയിച്ചു. ഗ്യാസ് വിതരണം, റേഷൻ വിതരണം എന്നിവ സംബന്ധിച്ച പ്രശ്നങ്ങളും പരാതികളും യോഗം ചർച്ച ചെയ്തു. പരാതികളിൽ ഉടൻ നടപടി സ്വീകരിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ ഉറപ്പു നൽകി.മൂന്നു മാസം കൂടുമ്പോൾ ഉപഭോക്തൃ സംഘടനകളുടെ അവലോകന യോഗം ചേരാനും തീരുമാനിച്ചു.

# സ്നേഹയാനം പദ്ധതി: ഇലക് ട്രിക് ഓട്ടോ വിതരണം ചെയ്തു




**കൊച്ചി:** സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സ്നേഹയാനം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക് ട്രിക് ഓട്ടോറിക്ഷകൾ വിതരണം ചെയ്തു. സിവിൽ സ്റ്റേഷൻ പരിസരത്ത് നടന്ന ചടങ്ങിൽ ജില്ലാ വികസന കമ്മീഷണർ എം.എസ്. മാധവിക്കുട്ടി വാഹനത്തിന്റെ താക്കോൽദാനം നിർവഹിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത രണ്ട് ഗുണഭോക്താ ക്കളായ വി. കെ. ഷഹനാസ്, പി.എൻ. തങ്കമണി എന്നിവർക്കാണ് ഓട്ടോറിക്ഷ നൽകിയത്. നാഷണൽ ട്രസ്റ്റ് നിയമത്തിന് കീഴിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നിവ ബാധിച്ച ഭിന്നശേഷിക്കാരുടെ മറ്റ് വരുമാന മാർഗങ്ങൾ ഒന്നുമില്ലാത്ത അമ്മമാർക്കാണ് ഓട്ടോറിക്ഷ വിതരണം ചെയ്തത്. ചടങ്ങിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ എം. വി. സ്മിത, ജില്ലാ പ്രൊബേഷൻ ഓഫീസർ എം. സബീന ബീഗം, സാമൂഹ്യനീതി വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# മുളന്തുരുത്തിയിൽ എബിസി കേന്ദ്രം പ്രവർത്തന സജ്ജമായി

**കൊച്ചി:** തെരുവ് നായ നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ അനിമൽ ബർത്ത് കൺട്രോൾ കേന്ദ്രം മുളന്തുരുത്തിയിൽ പ്രവർത്തന സജ്ജമായി. കേന്ദ്രത്തിൻറെ ഉദ്ഘാടനം ഇന്ന് രാവിലെ ഒൻപതിന് മുളന്തുരുത്തി ഗ്രാമപ!ഞ്ചായത്ത് ഹാളിൽ നടക്കുന്ന ചടങ്ങിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.അഡ്വ. അനൂപ് ജേക്കബ് എംഎൽഎ അധ്യക്ഷത വഹിക്കും. തോമസ് ചാഴിക്കാടൻ, എം. പി. ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും. തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട തടസം എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് നടത്തുന്ന എ. ബി. സി. കേന്ദ്രങ്ങളുടെ അഭാവമായിരുന്നുവെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ഇതിന് ശാശ്വത പരിഹാരമായാണ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എബിസി കേന്ദ്രം ഒരുക്കിയത്.ജില്ലാ പഞ്ചായത്ത്, മുളന്തുരുത്തി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തുകൾ മുളന്തുരുത്തി, ആമ്പല്ലൂർ, ഉദയംപേരൂർ, ചോറ്റാനിക്കര, മണീട് എടക്കാട്ടുവയൽ, പാമ്പാക്കുട രാമമംഗലം, തിരുമാറാടി, പാലക്കുഴ ഇലഞ്ഞി ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ സാമ്പത്തിക സഹായത്തോടെയാണ് മുളന്തുരുത്തി വെറ്ററിനറി പോളിക്ലിനിക്കിന് ലഭ്യമായ സ്ഥലത്തു അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതി നേടിയ ഒരു അനിമൽ ബർത്ത് കൺട്രോൾ (എ. ബി. സി. കേന്ദ്രം) നിർമ്മാണം പൂർത്തീകരിച്ചത്.

## യുവ പ്രതിഭാ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ലെ സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരത്തിനുള്ള നോമിനേഷനും മികച്ച യുവജന ക്ലബുകൾക്കുള്ള അവാർഡിനുള്ള അപേക്ഷയും ക്ഷണിച്ചു. വ്യക്തിഗത പുരസ്കാരത്തിനായി അതാത് മേഖലകളിലെ 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങളെ നോമിനേറ്റ് ചെയ്യാം. സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കുവീതം 10 പേർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്.പുരസ്കാരത്തിനായി സ്വയം അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. പുരസ്കാരത്തിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പത്രവും ലഭിക്കും.സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്, യുവ, അവളിടം ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിച്ചു. ജില്ലാതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും ലഭിക്കും. ജില്ലാതലത്തിൽ അവാർഡിന് അർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000 രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും ലഭിക്കും.ജൂലൈ 25 ന് മുൻപ് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങളും അപേക്ഷ ഫോറവും അതാത് ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ www.skywb.kerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്. ഫോൺ 0484 2428071

## വനിതാ സംരംഭകത്വ വികസന പരിശീലന പരിപാടി

**കൊച്ചി:** സംരംഭകർ ആകാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി വ്യവസായവാണിജ്യ വകുപ്പിൻറെ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED), 10 ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിപാടി (Women Etnrepreneurship Development Programme) സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 01 മുതൽ 11 വരെ കളമശ്ശേരിയിൽ ഉള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. ബിസിനസ് ആശയങ്ങൾ, ബ്രാൻഡിംഗ് ആൻറ് പ്രമോഷൻ, സർക്കാർ സ്കീമുകൾ, ബാങ്കുകളിൽ നിന്നുള്ള ബിസിനസ്സ് ലോണുകൾ, എച്ച് ആർ മാനേജ്മെന്റ്, കമ്പനി രജിസ്ട്രേഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി എസ് റ്റി ഉൾപ്പെടെ 5900 രൂപയും താമസം ഇല്ലാതെ 2,421 രൂപയുമാണ് പരിശീലനത്തിന്റെ ഫീസ്. താല്പര്യമുള്ളവർ കീഡിൻറെ വെബ് സൈറ്റായ www.kied.infoൽ ജൂലൈ 26 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/ 2550322/7012376994

## ഡിപ്ലോമ ഇൻ സോളാർ എനർജി ടെക്നോളജി: ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ നടത്തുന്ന ഡിപ്ലോമ ഇൻ സോളാർ എനർജി ടെക്നോളജി പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. ഡിപ്ലോമ പ്രോഗ്രാമിന് ഒരു വർഷമാണ് കാലാവധി. ശനി, ഞായർ, പൊതു അവധി ദിവസങ്ങളിലാകും കോൺടാക്ട് ക്ലാസ്സുകൾ. ഇന്റേൺഷിപ്പും, പ്രോജക്ട് വർക്കും പഠന പരിപാടിയുടെ ഭാഗമായി ഉായിരിക്കും. https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേ അവസാന തീയതി ജൂലൈ 31. ചേരാനാഗ്രഹിക്കുന്നവർ ഡേറ്റൽ സ്കിൽ അക്കാദമി, ബിഎസ് ഹോളി ട്യൂസ് ഡേ അനക്സ്, ബാങ്ക് റോഡ്, കലൂർ സ്റ്റഡി സെന്ററുമായി ബന്ധപ്പെടുക. ഫോൺ 9995287177, 7593 800950

## സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം 21ന്

**കൊച്ചി:** ജില്ലാ സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ 2023-24 അധ്യയന വർഷത്തെ പ്രഥമ യോഗം ജൂലൈ 21ന് ഉച്ചകഴിഞ്ഞ് മൂന്നിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടക്കുമെന്ന് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

# ആക്സിയ ടെക്നോളജീസും എ.ഒ.എക്സും കൈകോർക്കുന്നു

Acsia

**കൊച്ചി:** ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ മേഖലയിൽ സുപ്രധാന കാൽവെപ്പുമായി കേരളത്തിൽ നിന്നുള്ള ഐ.ടി കമ്പനിയായ ആക്സിയ ടെക്നോളജീസ്. ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സിയ ജർമൻ കമ്പനിയായ എ.ഒ.എക്സുമായി കൈകോർത്താണ് പുതിയ സാധ്യതകൾക്ക് കളം ഒരുക്കുന്നത്. ഇതുവഴി നിരവധി തൊഴിലവസരങ്ങൾ കൂടിയാണ് സൃഷ്ടിക്കപ്പെടുന്നത്.ബി.എം.ഡബ്ല്യു ഉൾപ്പെടെയുള്ള വാഹന ഭീമന്മാർക്ക് പുതു തലമുറ വാഹനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ നിർമിച്ച് ആഗോള തലത്തിൽ ശ്രദ്ധ നേടിയ സ്ഥാപനമാണ് ആക്സിയ ടെക്നോളജീസ്. ഇരു സ്ഥാപനങ്ങളും ഒരുമിക്കുന്നതോടെ ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ വികസനത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകും. ഓട്ടോസാർ, ഇതർനെറ്റ്, പി.സി.ഐ തുടങ്ങിയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി അത്യാധുനിക സോഫ്റ്റ്‌വെയർ ഡിസൈനുകളുടെ സഹായത്തോടെ കാർ വ്യവസായത്തിൽ വലിയ മുന്നേറ്റങ്ങളാണ് സാധ്യമാകുന്നത്.ഇതിലൂടെ 1000 തൊഴിൽ അവസരങ്ങളാണ് തുറക്കപ്പെടുന്നത്. ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയറുകളുമായി ബന്ധപ്പെട്ട ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളുമായി ഇടപഴകാനും കൂടുതൽ സംഭാവനകൾ നൽകാനുമുള്ള അവസരങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്.രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഈ സഹകരണത്തിലൂടെ ഓട്ടോമോട്ടീവ് എഞ്ചിനീയറിംഗിലെ ജർമ്മനിയുടെ ആഗോള നേതൃത്വവും സോഫ്റ്റ്‌വെയർ വ്യവസായത്തിലെ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യവും ഉപയോഗപ്പെടുത്താനാകുമെന്നും ഇതുവഴി ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ സാങ്കേതികവിദ്യയിൽ വലിയ മുന്നേറ്റങ്ങൾക്കാണ് അവസരം ഒരുങ്ങുന്നതെന്നും ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി.ഇ.ഒയുമായ ജിജിമോൻ ചന്ദ്രൻ പറഞ്ഞു.ടെക്നോപാർക്കിന് പുറമേ കൊച്ചി, ബാംഗ്ലൂർ എന്നിവിടങ്ങളിലും സെന്ററുകളുള്ള ആക്സിയ ടെക്നോളജീസ് മാസങ്ങൾക്ക് മുൻപ് ജർമ്മൻ ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ സർവീസ് സ്റ്റാർട്ടപ്പായ ആർട്ടിക്ടെർൺ സൊല്യൂഷൻസ് ജിഎംബിഎച്ചിനെ ഏറ്റെടുത്തിരുന്നു.ജർമ്മനിയിലെയും യൂറോപ്പിലെയും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനം തന്നെ നൽകാൻ ആക്സിയയുടെയും എ.ഒ.എക്സിന്റെയും സഹകരണത്തിലൂടെ സാധിക്കുമെന്ന് എ.ഒ.എക്സ് സി.ഇ.ഒ റൈനർ ഓഡർ കൂട്ടിച്ചേർത്തു.

# ഇഎസ്ജി റേറ്റിങ്ങിൽ മികച്ച നേട്ടവുമായി ഇസാഫ് ബാങ്ക്

ESAF
ESAF SMALL FINANCE BANK

**കൊച്ചി:** പാരിസ്ഥിതിക, സാമൂഹിക, കോർപറേറ്റ് ഭരണ നിർവഹണ (ഇഎസ്ജി) പ്രതിബദ്ധതയിൽ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് മികച്ച മുന്നേറ്റം. കെയർഎഡ്ജ് റിസർച്ച് നടത്തിയ ഇഎസ്ജി മൂല്യനിർണയത്തിൽ 71 പോയിന്റുകളാണ് ഇസാഫ് ബാങ്ക് നേടിയതെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ. പോൾ തോമസ് പറഞ്ഞു.ഈ രംഗത്തെ ശരാശരി 59.8 പോയിന്റാണ്. ബാങ്ക് നടപ്പിലാക്കിയ പാരിസ്ഥിതി പ്രതിബദ്ധതയുള്ള പദ്ധതികൾക്ക് 62 ശതമാനവും സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾക്ക് 68 ശതമാനവും കോർപറേറ്റ് ഭരണ നിർവഹണത്തിന് 76 ശതമാനവും സ്കോർ ലഭിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള സംരംഭങ്ങളും പാരിസ്ഥിതിക ബോധമുള്ള പദ്ധതികളും നടപ്പിലാക്കുക, പ്രാദേശിക സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, ഊർജ്ജ സുരക്ഷ പ്രോത്സാഹിപ്പിക്കുക, ഗ്രീൻ ഫിനാൻസ്, അന്തർദേശീയ മാനദണ്ഡങ്ങൾ പാലിക്കുന്ന നയങ്ങൾ, മാനേജ്മെന്റ് രീതികൾ, സാമൂഹിക ഉത്തരവാദിത്ത പാലനം എന്നിവയിൽ ഇസാഫ് ബാങ്ക് മാതൃകാപരമായ മുന്നേറ്റമാണ് കാഴ്ചവച്ചത്. പീപ്പിൾ, പ്ലാനറ്റ്, പ്രോസ്പിരിറ്റി എന്നിവയിൽ ഊന്നിയുള്ള ഇസാഫിന്റെ സാമൂഹിക ബിസിനസ് നയത്തിന്റെ അവിഭാജ്യ ഘടകമാണ് ഇഎസ്ജി തത്വങ്ങൾ. കാലാവസ്ഥാ മാറ്റത്തിന്റെ സ്വാധീനവും അനുബന്ധ അപകടങ്ങളും വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇഎസ്ജി റേറ്റിങ്ങിന്റെ പ്രാധാന്യം വളരെ വർധിച്ചിട്ടുണ്ട്. ഇഎസ്ജി മൂല്യനിർണയത്തിൽ ഇസാഫിന് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞത് തങ്ങളുടെ ജീവനക്കാരുടേയും അഭ്യുദയകാംക്ഷികളുടേയും പരിശ്രമ ഫലമാണെന്നും കെ. പോൾ തോമസ് പറഞ്ഞു.സാങ്കേതിക വിദ്യകളുടെ മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുകയും ഉപഭോക്താക്കൾക്കും പരിസ്ഥിതിക്കും അതിന്റെ ഗുണം ഉറപ്പാക്കുകയും ചെയ്യുന്ന സമീപനമാണ് ഇസാഫിന്റേതെന്നും അദ്ദേഹം വ്യക്തമാക്കി.

# മട്ടാഞ്ചേരി ഉപജില്ലയിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** മട്ടാഞ്ചേരി ഉപജില്ലയിൽ വിദ്യാരംഗം കലാസാഹിത്യവേദി 202324 പ്രവർത്തനം ആരംഭിച്ചു. പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം കെ.ജെ മാക്സി എം. എൽ. എ നിർവഹിച്ചു. വളർന്നുവരുന്ന സർഗ പ്രതിഭകൾക്ക് കലയുടെയും സാഹിത്യത്തിന്റെയും ലോകത്തേക്ക് പ്രവേശിക്കുവാനുള്ള പടിവാതിൽ തുറന്ന് നൽകുകയാണ് മട്ടാഞ്ചേരി ഉപജില്ലയിലെ വിദ്യാലയങ്ങൾ.കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനൊപ്പം മനുഷ്യത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന കേരള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് വിദ്യാരംഗം കലാസാഹിത്യ വേദി. വിദ്യാലയങ്ങളാണ് വേദിയുടെ പ്രവർത്തനത്തിന്റെ തുടക്കം. വിദ്യാലയങ്ങളിൽ വായനാദിനാചരണവും വായനാവാരവും ആചരിക്കുക, വായനാമത്സരം നടത്തുക, നല്ല വായനക്കാരെ തെരഞ്ഞെടുക്കുക, വായനയുടെ പ്രാധ്യാന്യം ഉൾക്കൊള്ളുന്ന പ്രബന്ധമത്സരം, പ്രഭാഷണങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക, ലൈബ്രറി പുസ്തക വിതരണം കാര്യക്ഷമമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടക്കുന്നത്.മട്ടാഞ്ചേരി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ കൊച്ചി കോർപ്പറേഷൻ നാലാം ഡിവിഷൻ കൗൺസിലർ കെ.എ മനാഫ് അധ്യക്ഷത വഹിച്ചു. നർത്തകി രാജശ്രീ പ്രേം മുഖ്യാതിഥിയായ ചടങ്ങിൽ മട്ടാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല ഓഫീസർ എൻ സുധ, ജി.ജി.എച്ച്.എസ്.എസ് മട്ടാഞ്ചേരി പ്രിൻസിപ്പാൾ ബിജി ആനി ടി സാം, ഹെഡ്മാസ്റ്റർ ജി മുരളീധരൻ പിള്ള എന്നിവർ പങ്കെടുത്തു. ഉപജില്ലാതല വായന മാസാചരണത്തിന്റെ ഭാഗമായുള്ള മത്സരങ്ങളുടെ സമ്മാനവിതരണവും ചടങ്ങിൽ നടന്നു.

# ഗ്ലോബൽ എജ്യൂക്കേഷൻ ഫെയർ കൊച്ചിയിൽ

Unixperts
STUDY ABROAD CONSULTANTS

**കൊച്ചി :** യൂനിഎക്സ്പേർട്സിന്റെ 'ഗ്ലോബൽ എജ്യൂക്കേഷൻ ഫെയർ 2023' കൊച്ചിയിൽ. ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച പഠനത്തിനുള്ള അവസരങ്ങൾ പ്രദർശിപ്പിക്കുക വഴി വിദേശ സർവകലാശാലകളിലും കോളേജുകളിലും പ്രവേശനം ലഭിക്കുന്നതിന് സഹായകരമാകുന്ന തരത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജൂലൈ 22ന് റാഡിസൺ ബ്ലൂ ഹോട്ടലിൽ രാവിലെ 11 മുതൽ വൈകിട്ട് നാല് വരെയാണ് എജ്യൂക്കേഷൻ ഫെയർ നടക്കുക.യുഎസ്എ, ഓസ്ട്രേലിയ, യുകെ, കാനഡ, ദുബായ്, ജർമ്മനി തുടങ്ങിയ പത്തിലധികം രാജ്യങ്ങളിലെ 60ലധികം സർവകലാശാലകളിലേക്കുള്ള പ്രവേശനത്തിനാണ് ഇതിലൂടെ വിദ്യാർഥികൾക്ക് വഴി തുറക്കുക. സംവേദനാത്മക പഠനംവിദേശ സെഷനുകൾ, വിദേശ വിദ്യാഭ്യാസത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിദഗ്ധ മാർഗനിർദേശം, അപേക്ഷാ പ്രക്രിയ, വിസ നടപടിക്രമങ്ങൾ, പ്രവേശനത്തിനു ശേഷമുള്ള വിദ്യാർത്ഥി ജീവിതം തുടങ്ങിയ സെഷനുകൾ വിദ്യാർഥികൾക്ക് ഗുണകരമാകും. എജ്യൂക്കേഷൻ ഫെയറിലേക്കുള്ള രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ആരംഭിച്ചു. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ https://bit.ly/3COPsfY ലിങ്കിൽ ലഭ്യമാകും. വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് മികച്ച മാർഗ നിർദേശവും പിന്തുണയുമാണ് തങ്ങൾ നൽകുന്നതെന്ന് യൂനിഎക്സ്പേർട്സിന്റെ ഇന്ത്യയിലെ മേധാവിയും സഹസ്ഥാപകനുമായ ഇന്തിയാസ് ബന്നൂർ പറഞ്ഞു. പങ്കെടുക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന പത്ത് ഭാഗ്യശാലികൾക്ക് ഈ രാജ്യങ്ങളിലേക്ക് യൂനിഎക്സ്പേർട്സിന്റെ വക സൗജന്യ വിമാന ടിക്കറ്റുകളും നൽകുമെന്നും അദ്ദേഹം പറഞ്ഞു.

# ഇൻഫോപാർക്കിന് പ്രശംസാപത്രം

**കൊച്ചി:** സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിൽ നിന്നും പ്രശംസാപത്രം നേടി ഇൻഫോപാർക്ക്. 2022 2023 സാമ്പത്തിക വർഷത്തിൽ റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യുകയും ചരക്ക് സേവന നികുതി കൃത്യമായി അടയ്ക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം. സുശക്തമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് ഇൻഫോപാർക്ക് ഇതിലൂടെ മികച്ച സംഭാവന നൽകുന്നു. ഈ വർഷം തുടക്കത്തിൽ ക്രിസിൽ (ക്രെഡിറ്റ് റേറ്റിങ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ്) നൽകുന്ന റേറ്റിങ്ങിൽ എ മൈനസിൽ നിന്ന് ഇൻഫോപാർക്ക് എ സ്റ്റേബിൾ അംഗീകാരത്തിലേക്കും ഉയർന്നിരുന്നു.ധനകാര്യ മേഖലയിലെ ഇൻഫോപാർക്കിന്റെ കരുത്ത് വെളിവാക്കുന്നതാണ് ഈ അംഗീകാരമെന്ന് ഇൻഫോപാർക്ക് സിഇഒ, സുശാന്ത് കുറുന്തിൽ പറഞ്ഞു. 'പുരോഗമനപരമായ പദ്ധതികൾ പോലെ തന്നെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുന്നതിനും ഇൻഫോപാർക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അത്തരത്തിൽ മുന്നോട്ടുള്ള യാത്രയിൽ അഭിമാനവും പ്രചോദനവുമാണ് ഈ നേട്ടം.' അദ്ദേഹം കൂട്ടിച്ചേർത്തു.

# വനിതാ സംരംഭകത്വ വികസന പരിശീലന പരിപാടി

**കൊച്ചി:**സംരംഭകർ ആകാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി വ്യവസായവാണിജ്യ വകുപ്പിന്റെ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED), 10 ദിവസത്തെ വനിതാ സംരംഭകത്വ വികസന പരിപാടി (Women Etnrepreneurship Development Programme) സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 01 മുതൽ 11 വരെ കളമശ്ശേരിയിൽ ഉള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. ബിസിനസ് ആശയങ്ങൾ, ബ്രാൻഡിംഗ് ആൻറ് പ്രമോഷൻ, സർക്കാർ സ്കീമുകൾ, ബാങ്കുകളിൽ നിന്നുള്ള ബിസിനസ്സ് ലോണുകൾ, എച്ച് ആർ മാനേജ്മന്റ്, കമ്പനി രജിസ്ട്രേഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി എസ് റ്റി ഉൾപ്പെടെ 5900 രൂപയും താമസം ഇല്ലാതെ 2,421 രൂപയുമാണ് പരിശീലനത്തിന്റെ ഫീസ്. താല്പര്യമുള്ളവർ കീഡിൻറെ വെബ് സൈറ്റായ www.kied.info -ൽ ജൂലൈ 26 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/ 2550322/7012376994

# 'ടോയ്‌ലെറ്റ് പേപ്പർ' ; ഇന്ത്യയിൽ അരങ്ങേറ്റമൊരുക്കി നിത മുകേഷ് അംബാനി കൾച്ചറൽ സെന്റർ

**കൊച്ചി/മുംബൈ:** ടോയ്‌ലറ്റ് പേപ്പറിന്റെ 'റൺ ആസ് സ്ലോ ആസ് യൂ കാൻ' എന്ന കലാപ്രദർശനത്തിന്റെ ഇന്ത്യയിലെ അരങ്ങേറ്റം ഒരുക്കി നിത മുകേഷ് അംബാനി കൾച്ചറൽ സെന്റർ. കൾച്ചറൽ സെന്ററിന്റെ വിഷ്വൽ ആർട്ട് സ്പേസായ ആർട്ട് ഹൗസിൽ ജൂലൈ 22 ന് പ്രദർശനം ആരംഭിക്കും. ഒക്ടോബർ 22 വരെ പ്രദർശനം തുടരും. ഉദ്ഘാടനവേളയിൽ ഒരുക്കിയ 'സംഗം/കോൺഫ് ളുവെൻസ്' ദൃശ്യകലാ പ്രദർശനത്തിന്റെ വിജയത്തിന് ശേഷം കൾച്ചറൽ സെന്റർ അവതരിപ്പിക്കുന്ന രണ്ടാമത്തെ ഷോയാണിത്.2010ൽ മൗറിസിയോ കാറ്റെലാനും പിയർ പോളോ ഫെരാരിയും ചേർന്ന് സ്ഥാപിച്ച പ്രശസ്ത ഇറ്റാലിയൻ ക്രിയേറ്റീവ് സ്റ്റുഡിയോയുടെയും ദൃശ്യ അധിഷ്ഠിത മാസികയായ 'ടോയ്‌ലെറ്റ്പേപ്പറി' നിർമിതിയാണ് ഈ പ്രദർശനം. ട്രയാഡിക്കിന്റെ മഫാൽഡ മില്ലിസും റോയ സാക്സും ചേർന്ന് ക്യൂറേറ്റ് ചെയ്ത ടോയ്‌ലെറ്റ് പേപ്പറിന്റെ ഇന്ത്യയിലെ അരങ്ങേറ്റവും ഏറ്റവും വലിയ പ്രദർശനവുമാണ് നിത മുകേഷ് അംബാനി കൾച്ചറൽ സെന്റർ ഒരുക്കുന്നത്.സർറിയലിസ്റ്റ് സമീപനമുള്ള വാണിജ്യ ഫോട്ടോഗ്രാഫി അധിഷ്ഠിതമായ നിർമിതിയാണ് 'റൺ ആസ് സ്ലോ ആസ് യൂ കാൻ'. നാല് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്ന ഈ പ്രദർശനം അനുദിനം വികസിച്ചു വരുന്ന ഒരു വെർച്വൽ ലോകത്ത് മനുഷ്യരുടെ നിലനിൽപ്പിനെയും ഇടപഴകലിനെയും വെല്ലുവിളിക്കുന്നു.ഇന്ത്യയിലെ ഏറ്റവും മികച്ചത് ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനും ലോകത്തിലെ ഏറ്റവും മികച്ചത് ഇന്ത്യയിൽ അവതരിപ്പിക്കുന്നതിനും സമർപ്പിതരായ ഒരു സ്ഥാപനം എന്ന നിലയിൽ രസകരമായ ഈ ഷോ ആദ്യമായി നമ്മുടെ രാജ്യത്തേക്ക് കൊണ്ടുവരുന്നതിൽ സന്തോഷമുണ്ടെന്ന് ഇഷ അംബാനി പറഞ്ഞു.കലയെ എല്ലാവർക്കും പ്രാപ്യമാക്കുന്നതിനുള്ള കൾച്ചറൽ സെന്ററിന്റെ ലക്ഷ്യത്തിന്റെ ഭാഗമായി കലാ വിദ്യാർത്ഥികൾക്കും 7 വയസ്സിന് താഴെയുള്ള കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും പ്രവേശനം സൗജന്യമായിരിക്കും. ആർട്ട് ഹൗസ്, കുട്ടികൾക്കും കുടുംബത്തിനും പങ്കെടുക്കാവുന്ന ശിൽപശാലകൾ, ക്യൂറേറ്റഡ് വാക്ക് ത്രൂകൾ, കലാകാരന്മാരുടെ സംവാദങ്ങൾ, സ്ക്രീനിംഗുകൾ എന്നിവ ഉൾപ്പെടുന്ന പ്രതിവാര സലൂണുകൾ ഉൾപ്പെടെ, സർഗ്ഗാത്മകതയെ പ്രചോദിപ്പിക്കുന്നതിനും കലകളിൽ താൽപ്പര്യം വളർത്തുന്നതിനും രൂപകൽപ്പന ചെയ്തിട്ടുള്ള സന്ദർശക പ്രോഗ്രാമുകളും പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കുന്നു.'റൺ ആസ് സ്ലോ ആസ് യൂ കാൻ' എന്ന ഷോ ക്യൂറേറ്റ് ചെയ്തത് മഫൽഡ മില്ലിസ്, റോയ സാക്സ് എന്നിവരാണ്. എലിസബത്ത് ഈഡൽമാനാണ് എക്സിക്യൂട്ടീവ് പ്രൊഡക്ഷൻ. ക്രിയേറ്റീവ് പ്രൊഡക്ഷൻ അന്റോണിയ ജോലെസ്. ബ്രിഗോലിൻ ബസേറ സ്റ്റുഡിയോയാണ് പ്രദർശനം രൂപകൽപ്പന ചെയ്തത്. പ്രൊജക്റ്റ് ഡയറക്ടർ സെബാസ്റ്റ്യാനോ മാസ്ട്രോനിയും അക്കൗണ്ട് ഡയറക്ടർ സ്‌റ്റെഫാനിയ ബിലിയാറ്റോയുമാണ്.




## സോളാർ എനർജി ടെക്നോളജി: അപേക്ഷിക്കാം



**കൊച്ചി :** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജൂലൈ സെഷനിൽ നടത്തുന്ന ഡിപ്ലോമ ഇൻ സോളാർ എനർജി ടെക്നോളജി പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. ഡിപ്ലോമ പ്രോഗ്രാമിന് ഒരു വർഷമാണ് കാലാവധി. ശനി, ഞായർ, പൊതു അവധി ദിവസങ്ങളിലാകും കോണ്ടാക്ട് ക്ലാസ്സുകൾ. ഇന്റേൺഷിപ്പും, പ്രോജക്ട് വർക്കും പഠന പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. https://apps.rcc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ www-srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31. ചേരാനാഗ്രഹിക്കുന്നവർ ഡേറ്റൽ സ്കിൽ അക്കാദമി, ബിഎസ് ഹോളി ട്യൂസ് ഡേ അനക്സ്, ബാങ്ക് റോഡ്, കലൂർ സ്റ്റഡി സെന്ററുമായി ബന്ധപ്പെടുക. ഫോൺ 9995287177, 7593 800950

# വോയ്സ് ഓഫ് സത്യനാഥൻ ജൂലൈ 28 ന്




**കൊച്ചി:** തിയേറ്ററുകളിൽ ഹിറ്റ് ചിത്രങ്ങൾ സമ്മാനിച്ച ദിലീപ്റാഫി കൂട്ടുകെട്ടിൽ ഒരുങ്ങിയ ചിത്രം വോയ്സ് ഓഫ് സത്യനാഥന്റെ റിലീസ് ജൂലൈ 28ലേക്ക് മാറ്റുന്നതായി നിർമ്മാതാക്കൾ അറിയിച്ചു. കാലാവസ്ഥ പ്രതികൂലമായതിനാലും വരും ദിവസങ്ങളിൽ വീണ്ടും മഴ കനക്കും എന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുടുംബ പ്രേക്ഷകർക്കായി ഒരുക്കിയ ചിത്രത്തിന്റെ റിലീസ് ജൂലൈ മാസം അവസാന വാരത്തിൽ തിയേറ്ററുകളിലെത്തും. ചിത്രത്തിന്റെ ഗംഭീര പ്രൊമോഷൻ പരിപാടികൾ കേരളത്തിനകത്തും ഖത്തർ, യു.എ.ഇ എന്നീ രാജ്യങ്ങളിലും നടന്നു കഴിഞ്ഞു. ജനപ്രിയനായകൻ ദിലീപിന് വൻ വരവേൽപ്പാണ് പ്രൊമോഷൻ പരിപാടികളിൽ ലഭിച്ചത്. രണ്ടു മണിക്കൂറും പതിനേഴു മിനിറ്റും ഉള്ള വോയ്സ് ഓഫ് സത്യനാഥനു ക്ലീൻ യു സർട്ടിഫിക്കറ്റ് ആണ് ലഭിച്ചത്. ചിത്രത്തിന്റെ പ്രൊമോഷന്റെ പരിപാടികളിലും തിയേറ്ററിൽ കുടുംബ പ്രേക്ഷകർക്ക് ആസ്വദിക്കാൻ സാധിക്കുന്ന ഫൺ റൈഡ് ആണ് ചിത്രമെന്ന് ദിലീപ് വ്യക്തമാക്കി.ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫെയിം),സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ, അംബിക മോഹൻ അതിഥി താരമായി അനുശ്രീ എന്നിവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: മഞ്ജു ബാദുഷ,നീതു ഷിനോജ്,കോ പ്രൊഡ്യൂസർ: റോഷിത് ലാൽ വി 14 ലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ (യു.എ.ഇ). റാഫി തന്നെയാണ് വോയ്സ് ഓഫ് സത്യനാഥന്റെ തിരക്കഥ, സംഭാഷണം നിർവഹിച്ചിരിക്കുന്നത്. ഛായാഗ്രഹണം : സ്വരൂപ് ഫിലിപ്പ്,സംഗീതം : അങ്കിത് മേനോൻ,എഡിറ്റർ : ഷമീർ മുഹമ്മദ്, വസ്ത്രാലങ്കാരം : സമീറ സനീഷ്, കല സംവിധാനം : എം ബാവ, പ്രൊഡക്ഷൻ കൺട്രോളർ : ഡിക്സൺ പൊടുത്താസ്,മേക്കപ്പ് :റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ്:സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ : മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ : ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ,ഡിജിറ്റൽ മാർക്കറ്റിങ് :മാറ്റിനി ലൈവ്,സ്റ്റിൽസ്: ശാലു പേയാട്,ഡിസൈൻ:ടെൻ പോയിന്റ്,പി ആർ ഓ : പ്രതീഷ് ശേഖർ.

